പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1570 **01-07-2026-ൽ മറുപടിയ്ക്ക്**

കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കുന്നത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ,കുടുംബാരോഗ്യ കേന്ദ്രങ്ങൾ,സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സി.എച്ച്.സി. ശൂരനാട്

ഹെൽത്ത് സൂപ്പർവൈസർ - 1

പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ - 1

പബ്ലിക് ഹെൽത്ത് നഴ്സ് - 1

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് - 1

എഫ്.എച്ച്.സി. പോരുവഴി

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 1

പി.എച്ച്.സി. കുന്നത്തൂർ

പബ്ലിക് ഹെൽത്ത് നഴ്സ് - 1

എഫ്.എച്ച്.സി. ശൂരനാട്

പാർട്ട് ടൈം സ്വീപ്പർ - 1

പി.എച്ച്.സി. വെസ്റ്റ് കല്ലട

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1

സി.എച്ച്.സി. മൈനാഗപ്പള്ളി

അസിസ്റ്റന്റ് സർജൻ - 1

നഴ്സിംഗ് ഓഫീസർ - 1

നഴ്സിംഗ് അസിസ്റ്റന്റ് - 1

ഹെൽത്ത് സൂപ്പർവൈസർ - 1

പബ്ലിക് ഹെൽത്ത് നഴ്സ് - 1

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് - 1

താലൂക്ക് ആസ്ഥാന ആശുപത്രി ശാസ്താംകോട്ട

കാഷാലിറ്റി മെഡിക്കൽ ഓഫീസർ - 1

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴിയും റിപ്പോർട്ട് ചെയ്ത് ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ?

മറുപടി: ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മെറ്റേർണിറ്റി ബ്ലോക്കിന്റെ ഒന്നാംഘട്ടം പൂർത്തിയായി. പോരുവഴി പി.എച്ച്.സി. ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന സ്ഥാപനമാണ് . ഇവിടെ പഴയ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. കുന്നത്തൂർ പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ശൂരനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വർക്ക് പൂർത്തിയായിട്ടില്ല. അധിക തുക കണ്ടെത്തി വർക്ക് പൂർത്തീകരിക്കുന്നതിൽ പൊതുമരാമത്ത് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നത് വഴി ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ